ഇ.എസ്5/29955/2011/ആ.വ.ഡ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
തീയതി: 31/08/2021

# നോട്ടീസ്

വിഷയം:- ആ.വ.ഡ – 01.01.1997 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ താൽക്കാലികമായി ഉൾപ്പെടുത്തി നോട്ടീസ് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്-

സൂചന :- 1. മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ എ8-5258/2021/, തീയതി. 02.06.2021 കത്ത്
2. MI(R)-1 1042/93/KPSC, MLPM, Dated: 27.04.2000
3.ഉത്തരവ് നമ്പർ എ1(എ5)-4703/99/ജി.മെ.ഒ, മഞ്ചേരി, തീയതി. 10.05.2000
4. ഉത്തരവ് നമ്പർ ഇ. എസ്5-29955/2011/ആ.വ.ഡ, തീയതി. 07.05.2012

ആരോഗ്യ വകുപ്പിൽ 01.01.1997 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഓമാനൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ. അബ്ദുൾ നാസർ. എം. ടി. നൽകിയ അപേക്ഷ സൂചന 1 കത്ത് പ്രകാരം മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ അയച്ചു തന്നിരിക്കുന്നു.

ആരോഗ്യ വകുപ്പിൽ 01.01.1997 മുതൽ 31.12.2010 വരെ കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക മേൽ സൂചന 4 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

ശ്രീ. അബ്ദുൾ നാസർ. എം. ടി. സൂചന 2, 3, പ്രകാരമുള്ള പി. എസ്. സി അഡ്വൈസിന്റെയും, ജില്ലാ മെഡിക്കൽ ഓഫീസറുടെ നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 22.05.2000 ൽ ജോലിയിൽ പ്രവേശിച്ചു. ടിയാൻ പ്രൊബേഷൻ പൂർത്തീകരിച്ചതിനു ശേഷം വിദേശത്ത് ജോലിക്കായി 30.05.2007 മുതൽ 29.05.2012 വരെയും പിന്നീട് 10.11.2012 മുതൽ 08.11.2017 വരെയും ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും 09.11.2017 ന് തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

ടിയാന് 01.01.1997 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ. ചന്ദ്രബോസ്. വി. പി (Rank No. 223), ശ്രീ. അബ്ദുൾ മജീദ്. പി (Rank No. 224), എന്നീ ജീവനക്കാരുടെ ഇടയ്ക്കായി സ്ഥാനം ലഭിക്കാൻ അർഹതയുണ്ട്. ആയതിനാൽ ശ്രീ. അബ്ദുൾ നാസർ. എം. ടിക്ക് 223 (A) എന്ന സ്ഥാനം താൽക്കാലികമായി നൽകാൻ തീരുമാനിച്ചിരിക്കുന്നു.

മേൽ സൂചിപ്പിച്ച പ്രകാരം ടി വ്യക്തിക്ക് സീനിയോറിറ്റി നിശ്ചയിച്ച നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപങ്ങളോ, പരാതിയോ ഉണ്ടെങ്കിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 10 ദിവസത്തിനുള്ളിൽ രേഖാമൂലം ഉചിതമാർഗ്ഗേനയോ, ഇ-മെയിൽ (essectiondhs@gmail.com) മുഖാന്തിരമോ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നോട്ടീസിനെതിരെ ആർക്കും ആക്ഷേപം ഇല്ലായെന്ന നിഗമനത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

വിശദമായി പട്ടിക ചുവടെ ചേർക്കുന്നു.

| Sl. No | Name PEN No | Date of Birth | Qualification | PSC Advice Order No & Date | Date of entry in Service | Date assigning seniority | Rank No. in Seniority list of Lab Tech Gr. II (01.01.1997 to 31.12.2010) | Remarks |
|---|---|---|---|---|---|---|---|---|
| 1 | **Abdul Nazer. M. T, 304895** | **22.05.1967** | **BA, MLT** | MI(R)-1 1042/93/KPSC, MLPM, Dated: 27.04.2000 | 22-05-2000 | **27-04-2000** | **223 (A)** | LWA from 30.05.2007 to 29.05.2012 & 10.11.2012 to 08.11.2017 |

ഒപ്പ് /-

ഡോ. സെമീറ. എ

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസമാർക്കും
   (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

പകർപ്പ്

1. മെഡിക്കൽ ഓഫീസർ, സാമൂഹ്യാരോഗ്യ കേന്ദ്രം, ഓമാനൂർ, മലപ്പുറം
2. ശ്രീ. അബ്ദുൾ നാസർ. എം. ടി, ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2, സാമൂഹ്യാരോഗ്യ കേന്ദ്രം, ഓമാനൂർ, മലപ്പുറം
3. സൂപ്രണ്ട്, ഇ. എഫ്. സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്